


# മരങ്ങൾ നട്ട മനുഷ്യൻ

## ജീൻ ഗിയാനോ

വിവ: കെ. അരവിന്ദാക്ഷൻ
പ്രസാധനം: ആൾട്ടർ മീഡിയ, തൃശൂർ
പേജ്: 44. വില 15/-

**തീ**ർത്തും അപൂർവമായ ഒരു ജീവിതചിത്രമാണ് ഈ ചെറുപുസ്തകത്തിൽ. ഉയർന്ന സാങ്കേതികവിദ്യയോ ശാസ്ത്രബോധമോ തീണ്ടിയിട്ടില്ലാത്ത ഒരു മനുഷ്യൻ, ഉപേക്ഷിക്കപ്പെട്ട വിജന പ്രദേശത്തെ ജനവാസസ്ഥാനമാക്കിത്തീർത്ത കഥ.

ആൽപ്സ് പർവ്വതപ്രദേശത്തെ അത്ര അറിയപ്പെടാത്ത മലനിരകളിൽവച്ചാണ് ജീൻഗിയാനോ എൽസിയാർദ് ബോഫിയറെ കണ്ടുമുട്ടുന്നത്. ജനങ്ങൾ ഉപേക്ഷിച്ചുപോയ ഒരു സ്ഥലമായിരുന്നു അത്. തകർന്നു കിടക്കുന്ന വീടുകളും വരണ്ട ഉറവകളും. ഏറ്റവുമടുത്ത ഗ്രാമത്തിലേക്ക് ഒന്നരദിവസത്തിന്റെ വഴിയുണ്ട്. അവിടെ ആടുമാടുകളും കാവൽ നായയുമായി ഏകാന്തവാസം നടത്തുകയാണ് ബോഫിയർ. പ്രായം 50 വയസ്.

രാവിലെ ആടുകളെ മേയാൻ വിട്ട് ബോഫിയർ ഓക്ക് വൃക്ഷത്തിന്റെ വിത്ത് പാകാൻ തുടങ്ങും. താൻ ഓക്ക് വച്ചുപിടിപ്പിക്കുന്നസ്ഥലം ഇപ്പോൾ ഉപേക്ഷിക്കപ്പെട്ടതാണെങ്കിലും,ഭാവിയിൽ ആരെങ്കിലും അവകാശമുന്നയിച്ചേക്കാമെന്ന കാര്യം അദ്ദേഹം ഗൗനിക്കുന്നതേയില്ല..രണ്ടു രാത്രിയും ഒരു പകലും അദ്ദേഹത്തോടൊപ്പം ചെലവഴിച്ച് ഗിയാനോ തിരിച്ചു പോയി.

പിന്നീട് അഞ്ചു വർഷത്തിനു ശേഷമാണ് ഗ്രന്ഥകാരൻ അവിടെ തിരിച്ചെത്തുന്നത്. മലനിരകളെ മൂടൽമഞ്ഞ് ചാരനിറത്തിൽ മൂടിയിരിക്കുന്നതും മലമടക്കുകൾ ഓക്കുമരങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നതും അദ്ദേഹം കണ്ടു. 11 കി.മീ. നീളത്തിലും 3 കി.മീ. വീതിയിലും വ്യാപിച്ചു കിടക്കുന്നു ബോഫിയറിന്റെ വനം. ഇപ്പോൾ ബീച്ച് മരങ്ങളും അയാൾ നട്ടു തുടങ്ങിയിരിക്കുന്നു.ആടുകൾക്കു പകരം നൂറോളം തേനീച്ചക്കൂടുകളുമുണ്ട്. വൃക്ഷത്തൈകൾ തിന്നു നശിപ്പിക്കുന്നതുകൊണ്ടാണ് ആടുകളുടെ സംഖ്യ വെറും നാലായി ചുരുക്കിയത്.

വനവത്കരണം അതിന്റെ മാന്ത്രികമായ ഫലങ്ങൾ പ്രദർശിപ്പിക്കാൻ ആരംഭിച്ചിരിക്കുന്നു. വരണ്ട നീർച്ചാലുകൾ സമൃദ്ധമായി ഒഴുകുന്നു. പുൽത്തകിടികൾ,മനോഹരമായ പൂക്കൾ, പക്ഷികളുടെ കൂജനം, ഇളംകാറ്റ്. 1919 ലായിരുന്നു അത്. അപ്പോൾ ബോഫിയറിന് 55 വയസുണ്ട്. 1933 ൽ ബോഫിയറിന് മറ്റൊരു സന്ദർശകനുണ്ടായി. സ്വാഭാവിക വനത്തെ നശിപ്പിക്കാനിടയാകും വിധം തീ കത്തിക്കരുതെന്ന് അറിയിക്കാനെത്തിയ ഫോറസ്റ്റ് റേഞ്ചറായിരുന്നു അത്. താനേ വളരുന്ന കാടുകളെക്കുറിച്ച് താൻ കേട്ടിട്ടേയില്ലെന്നായിരുന്നു ബോഫിയറുടെ പ്രതികരണം. 1935 ൽ ഒരു സർക്കാർ പ്രതിനിധി സംഘം സ്ഥലം സന്ദർശിച്ചു. വനഗവേഷകരും വിദഗ്ദ്ധരുമടങ്ങിയ സംഘം സ്വാഭാവിക വനം കണ്ട് വിസ്മയാധീനരായി. അവിടം സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടു. പത്തു കിലോമീറ്റർ അകലെ പുതിയൊരിടത്ത് മരം വച്ചു പിടിപ്പിക്കുന്ന ശ്രമത്തിലായിരുന്നു ബോഫിയർ അപ്പോൾ. 1945 ലാണ് ഗ്രന്ഥകാരൻ ബോഫിയറെ അവസാനമായി കാണുന്നത്. അദ്ദേഹത്തിനപ്പോൾ 87 വയസുണ്ട്.

മുമ്പ് യാത്ര ചെയ്ത സ്ഥലങ്ങൾ തിരിച്ചറിയാൻ തന്നെ പ്രയാസമായിരുന്നു. 1913 ൽ തകർന്നു കിടന്ന ഗ്രാമത്തിന്റെ സ്ഥാനത്ത് വിശാലമായ കൃഷിയിടങ്ങളും ഉത്സാഹഭരിതരായ ആളുകളും. പതിനായിരത്തിലധികം വരുന്ന ഈ ആളുകൾ കടപ്പെട്ടിരിക്കുന്നത് ഒരൊറ്റ വ്യക്തിയോട്– തന്റെ മാത്രം ശാരീരികവും ധാർമികവുമായ പ്രയത്നം കൊണ്ട് തരിശുനിലത്തെ കനാൻ ദേശമാക്കി മാറ്റിയ എൽസിയാർദ് ബോഫിയറോട്. അഭ്യസ്തവിദ്യനല്ലാത്ത ഈ ഗ്രാമീണ കർഷകൻ ദൈവത്തിന്റെ സൃഷ്ടി പ്രക്രിയ തന്നെയാണ് സ്വയം ചെയ്തത്. വ്യക്തി ഒന്നും ഉണ്ടാക്കുന്നില്ലെന്നു നിരാശപ്പെടുന്നത് എത്ര അബദ്ധമാണെന്ന് തെളിയിക്കുന്ന ഈ വൺമാൻ മിഷൻ! അളവറ്റ നന്മയാൽ പ്രചോദിതമായ ഈ പരിശ്രമത്തെക്കുറിച്ചുള്ള ജീൻ ഗിയാനോയുടെ സുന്ദരമായ ആഖ്യാനം ഹൃദ്യമാണ്.

**ഷീൻ അഗസ്റ്റിൻ**